**പതിമൂന്നാം കേരള നിയമസഭ**

**ആറാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത
നിയമസഭാചോദ്യം നം: 3340

21.12.2012 ലെ
മറുപടിയ്ക്ക്

**നൃൂനപക്ഷ വിഭാഗങ്ങൾ നടത്തുന്ന വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ അടിസ്ഥാന സൗകര്യ വികസനം**

| **ചോദ്യം** | **ഉത്തരം** |
|---|---|
| ശ്രീ. പി. ഉബൈദുള്ള | ശ്രീ. മഞ്ഞളാംകുഴി അലി<br>(നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി) |
| (എ) ന്യൂനപക്ഷ വിഭാഗങ്ങൾ നടത്തുന്ന വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി (ഐ.ഡി.എം.ഐ) 2010-11, 2011-12 വർഷങ്ങളിൽ എത്ര അപേക്ഷകളാണ് ലഭിച്ചത് ; | (എ) വിദ്യാഭ്യാസ വകുപ്പ് കൈകാര്യം ചെയ്യുന്ന ന്യൂന പക്ഷങ്ങൾക്കായിട്ടുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി 2010-11ൽ അപേക്ഷ ക്ഷണിച്ചിട്ടില്ല.<br>2011-12 ൽ 194 അപേക്ഷകൾ ലഭിച്ചു. |
| (ബി) ഇതിൽ എത്ര സ്ഥാപനങ്ങൾക്ക് ധനസഹായം അനുവദിച്ചു ; അവ ഏതെല്ലാമാണ് ; വിശദാംശം നൽകുമോ ; | (ബി) 2011-12 വർഷത്തിൽ 137 സ്ഥാപനങ്ങൾക്ക് കേന്ദ്ര സർക്കാർ ധനസഹായം അനുവദിച്ചു. വിശദാംശം അനുബന്ധമായി ചേർത്തിട്ടുണ്ട്. |
| (സി) പ്രസ്തുത സ്ഥാപനങ്ങൾ തങ്ങൾക്ക് അനുവദിച്ച ഫണ്ട് കൃത്യമായി ഉപയോഗിച്ചിട്ടുണ്ടോ ; ഇത് സംബന്ധിച്ച് മോണിറ്ററിംഗ് നടത്തിയിട്ടുണ്ടോ ; വിശദാംശങ്ങൾ നൽകുമോ | (സി) ഈ സ്ഥാപനങ്ങൾക്ക് തുക നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ഈ സാമ്പത്തിക വർഷം വിതരണം ചെയ്യുന്നതാണ്. അതിനാൽ ചോദ്യം ഉദിക്കുന്നില്ല. |

സെക്ഷൻ ഓഫീസർ